പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശൂർ ന്റെ നടപടിക്രമങ്ങൾ
ഹാജർ: എ. എം. മൂസാൻ

വിഷയം:- ഭരണജാഗ്രത - കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത് - ക്ലർക്ക് ശ്രീ: പി. എ. ലത്തീഫ്, അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1) സർക്കാർ ഉത്തരവ്.5381/1993/ത.സ്വ.ഭ.വ., തിയ്യതി.20/07/1993.
2) സർക്കാർ ഉത്തരവ്.2238/1998/ത.സ്വ.ഭ.വ., തിയ്യതി.14/07/1998.
3) സർക്കാർ ഉത്തരവ്.2816/03/ത.സ്വ.ഭ.വ., തിയ്യതി.30/07/2003.
4) ശ്രീ: പി. എ. ലത്തീഫിന്റെ 01/06/2008 ലെ അപേക്ഷ..
5) പഞ്ചായത്ത് ഡയറക്ടറുടെ 12/08/2008 ലെ ഇ6-24659/2008 നമ്പർ കത്ത്.
6) കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30/09/2008, 23/03/2009, 16/03/2012 എന്നീ തിയ്യതികളിലെ എ4-168/08 നമ്പർ കത്തുകൾ.
7) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശൂർ ന്റെ 28/11/2012 ലെ ഇ2-5158/08 നമ്പർ കത്ത്.
8) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശൂർ ന്റെ 07/04/2014 ലെ എ3-5158/08 നമ്പർ കുറ്റാരോപണമെമ്മോ.
9) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശൂർ ന്റെ 14/07/2014 ലെ എ3-5158/08 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
10) 07/02/2015 ലെ രാഷ്ട്ര ദീപിക ദിനപത്രത്തിലെ പരസ്യം.

ഉത്തരവ് നമ്പർ എ3- 5158/2008 തിയതി- 21/04/2015.

ശ്രീ: പി. എ. ലത്തീഫ് തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി 12/07/1993 ന് ജോലിയിൽ പ്രവേശിക്കുകയും പരാമർശം 1, 2, 3 സർക്കാർ ഉത്തരവുകൾ പ്രകാരം യഥാക്രമം 22/07/1993 മുതൽ 5 വർഷകാലയളവിലേക്കും, 21/07/1998 മുതൽ 5 വർഷകാലയളവിലേക്കും 21/07/2003 മുതൽ 5 വർഷകാലയളവിലേക്കും ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്. പരാമർശം (4) പ്രകാരം 21/07/2008 മുതൽ ശൂന്യവേതനാവധി വീണ്ടും 5 വർഷത്തേക്കു കൂടി നീട്ടുന്നതിനായി ടിയാൻ അപേക്ഷിക്കുകയും ആയത് പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) കത്ത് പ്രകാരം നിരസിച്ചിട്ടുള്ളതുമാണ്. എന്നാൽ 21/07/2008 മുതൽ ടിയാൻ അനധികൃമായി ജോലിക്ക് ഹാജരാകാതിരുന്നതിനാൽ പരാമർശം (6), (7) കത്തുകൾ പ്രകാരം നിരവധി തവണ ടിയാനോട് ജോലിയിൽ പ്രവേശിക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് വീട്ടുവിലാസത്തിൽ കത്തുകൾ അയച്ചിട്ടുണ്ടെങ്കിലും ആയവയെല്ലാം ടിയാൻ സ്ഥലത്ത് ഇല്ലാതിരുന്നതിനാൽ മടങ്ങി വരികയുണ്ടായിട്ടുള്ളതാണ്. തുടർന്ന് പരാമർശം (8) പ്രകാരം ടിയാന് 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം കുറ്റാരോപണമെമ്മോ പുറപ്പെടുവിച്ചിട്ടുള്ളതും, ആയത് ടിയാൻ 29/04/2014-ന് കൈപ്പറ്റിയതായി തപാൽ കൈപ്പറ്റ് (Acknowledgement) ലഭിക്കുകയുമുണ്ടായി. എന്നാൽ ടിയാൻ നിശ്ചിത സമയത്തിനകം എതിർവാദപത്രിക സമർപ്പിക്കുകയുണ്ടായില്ല.

മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ടിയാന്റെ 21/07/2008 മുതലുള്ള അനധികൃത ഹാജർ 5 വർഷങ്ങൾ കഴിഞ്ഞു എന്നതിനാലും ടിയാൻ ശൂന്യവേതന

അവധിയിൽ പ്രവേശിച്ചിട്ട് 20 വർഷങ്ങൾ കഴിഞ്ഞു എന്നതിനാലും കേരള സർവ്വീസ് റൂൾസ് ഭാഗം 1 റൂൾ 24, 96 എ എന്നിവയിൽ അനുശാസിക്കും പ്രകാരം ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് ടിയാന്റെ ഒടുവിൽ ലഭ്യമായ വിലാസത്തിൽ രജിസ്ട്രേഡ് തപാൽ മുഖേന അയച്ചുകൊടുക്കുകയും, ആയത് ടിയാൻ ഇന്ത്യയിൽ ഇല്ലെന്ന പുറത്തെഴുത്തോടെ തപാൽ അധികാരികൾ മടക്കുകയും ഉണ്ടായതിനാൽ പ്രസ്തുത വിവരം പരാമർശം (10) പ്രകാരം 07/02/2015 ലെ രാഷ്ട്ര ദീപിക ദിനപത്രത്തിൽ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത വിവരം പത്രത്തിൽ പരസ്യപ്പെടുത്തി നിശ്ചിത ദിവസങ്ങൾക്കകം ടിയാൻ എതിർവാദ പത്രികയൊന്നും സമർപ്പികുകയുണ്ടായില്ല. ആയതിനാൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ ശ്രീ: പി. എ. ലത്തീഫിനെ 21/07/2008 മുതൽ പ്രാബല്ല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ടും, ടിയാന് എതിരായി തുടർന്നുവന്നിരുന്ന അച്ചടക്ക നടപടികൾ തീർപ്പാക്കികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
തൃശ്ശൂർ.

ശ്രീ. ശ്രീ. പി.എ.ലത്തീഫ്
പള്ളിപറമ്പിൽ വീട്
അഴീക്കോട് പി.ഒ. : രണ്ട് പ്രതികൾ നൽകുന്നു, ആയതിൽ ഒരു പ്രതി താങ്കൾ തിയതിയോടുകൂടിയ കൈയ്യൊപ്പ് രേഖപ്പെടുത്തി തിരികെ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്

പകർപ്പ് : 1) സെക്രട്ടറി, കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്ത്

2) കരുതൽ/ അധികം